**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1258** **18-01-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ പാഠ്യപദ്ധതിയുടെ കാര്യക്ഷമത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഇ. എസ്. ബിജിമോൾ | | Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | കോവിഡ് -19 ന്റെ കടുത്ത പ്രതിസന്ധിയെ അതിജീവിച്ച് നടപ്പാക്കിയ ഓൺലൈൻ പാഠ്യപദ്ധതി കാര്യക്ഷമമാക്കുവാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | കോവിഡ്-19 ലോക്ഡൗൺ പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്നു പ്രവർത്തിക്കുന്നതിന് അനുകൂല സാഹചര്യമല്ലാത്തതിനാൽ കൈറ്റ് വിക്ടേഴ്സ് ചാനൽ, വിക്ടേഴ്സിന്റെ വെബ്സൈറ്റ്, മൊബൈൽ ആപ്, സോഷ്യൽ മീഡിയ പേജുകൾ തുടങ്ങി സാധ്യമായ മാർഗങ്ങളിലൂടെ ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിലേയ്ക്ക് കൃത്യമായ രീതിയിൽ പാഠഭാഗങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. കൈറ്റ് വിക്ടേഴ്സ് ചാനൽ മുഖാന്തിരം നടത്തിക്കൊണ്ടിരിക്കുന്ന ട്രയൽ ക്ലാസ്സുകൾക്കു ശേഷമുള്ള റഗുലർ ക്ലാസ്സുകൾ 15/06/2020 മുതൽ സംപ്രേഷണം ആരംഭിച്ചു. ഓരോ സ്കൂളുകളിലും നിലവിലുള്ള ലാപ്ടോപ്പുകൾ, ടെലിവിഷനുകൾ, പ്രോജക്ടറുകൾ എന്നിവയെല്ലാം കുട്ടികൾക്ക് സൗകര്യപ്രദമായ രീതിയിൽ വിന്യസിക്കുവാനും ഉപയോഗിക്കുവാനും പ്രധാനാദ്ധ്യാപകർ നടപടി കൈക്കൊണ്ടിട്ടുണ്ട്. വൈദ്യുതി, കേബിൾ കണക്ഷൻ, നെറ്റ് വർക്ക് എന്നിവ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ കുട്ടികൾക്ക് വീഡിയോ പാഠങ്ങൾ ഡൗൺലോഡ് ചെയ്ത് ലാപ്ടോപ്പുകൾ ഉപയോഗിച്ച് കാണുവാനുള്ള സൗകര്യങ്ങൾ ലഭ്യമാക്കി. |
| (ബി) | പരിമിതമായ വാർത്താവിനിമയ സൗകര്യങ്ങളുള്ള ആദിവാസി പിന്നോക്ക മേഖലകളിൽ ഓൺലൈൻ പാഠ്യപദ്ധതിയുടെ പരിമിതിയെ മറികടക്കാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (ബി) | കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ സംപ്രേഷണം ചെയ്യുന്ന പാഠഭാഗങ്ങൾ തത്സമയം വീക്ഷിക്കുന്നതിന് അവസരം ലഭിക്കാത്ത കുട്ടികൾക്കുവേണ്ടി പുനഃസംപ്രേഷണവും കൈറ്റ് വിക്ടേഴ്സിന്റെ വെബിലും മൊബൈൽ ആപ്പിലും സോഷ്യൽ മീഡിയ പേജുകളിലും മറ്റും ലഭ്യമാക്കുന്നുണ്ട്. വീട്ടിൽ, ടി.വി., ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങൾ ഇല്ലാത്ത കുട്ടികൾക്ക് ക്ലാസ്സ് കാണുന്നതിനായി അടുത്തു താമസിക്കുന്ന സഹപാഠിയുടെയോ അയൽ |

വീട്ടുകളിലേയോ ഗ്രന്ഥശാലകൾ/അക്ഷയ കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടേയോ ടി.വി./ ഇന്റർനെറ്റ് സേവനങ്ങളോ വിദൂരതയില്ലുള്ള സ്ഥലങ്ങളിൽ എസ്.എസ്.കെ. കോ-ഓർഡിനേറ്റർമാർ, എസ്.പി.സി., എൻ.എസ്.എസ്. വോളന്റിയർമാർ, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ ലാപ്ടോപ്പും പ്രോജക്ടും (ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ പ്രകാരം സ്കൂളുകൾക്ക് ലഭ്യമായതുൾപ്പെടെ) ഉപയോഗിച്ചോ (അവിടെ ഇന്റർനെറ്റ് സൗകര്യം ഇല്ലെങ്കിലും നേരത്തെ ഡൗൺലോഡ് ചെയ്ത ഉള്ളടക്കം പ്രദർശിപ്പിക്കാം) തൊട്ടടുത്ത സ്കൂളുകളിൽ സൗകര്യം ഏർപ്പെടുത്തിയുമാണ് ക്ലാസ്സുകൾ നടത്തി വരുന്നത്. ഓരോ ക്ലാസിന്റേയും സംപ്രേഷണത്തിന് മുൻപും ശേഷവും അതത് ക്ലാസിലെ കുട്ടികളുമായി ആശയവിനിമയം നടത്തുന്നതിനും കുട്ടിയ്ക്ക് ക്ലാസ്സ് കാണാനുള്ള പ്രേരണയും കണ്ട് ക്ലാസ്സിലെ സംശയ നിവാരണത്തിനുള്ള അവസരവും ക്ലാസ്സ് ടീച്ചർ നൽകി വരുന്നു. സംപ്രേഷണം ചെയ്യുന്ന ക്ലാസ്സുകൾ എപ്പോഴും സൗജന്യമായി ഉപയോഗിക്കുന്നതിന് വെബ്ബിൽ firstbell.kite.kerala.gov.in എന്ന പോർട്ടൽ വഴി ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികൾക്കു മാത്രമല്ല അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കുമെല്ലാം ഇത് ഏത് സമയം വേണമെങ്കിലും ഉപയോഗിക്കാവുന്നതാണ്. അതിനാൽ വൈദ്യുതി, കേബിൾ-ഇന്റർനെറ്റ് ലഭ്യമല്ലാ തിരിക്കൽ തുടങ്ങിയ കാരണങ്ങളാൽ കുട്ടികൾക്ക് ക്ലാസ്സ് ലഭിക്കാത്ത അവസ്ഥ ഒഴിവാക്കാനാകും. സംസ്ഥാന സിലബസ് പിൻതുടരുന്ന ഒരു കുട്ടിയ്ക്കുപോലും (വീട്ടിൽ ടി.വി.യും സ്മാർട്ട് ഫോണും ഇന്റർനെറ്റും ഒന്നുമില്ലാത്ത) ക്ലാസ്സുകൾ കാണാൻ ഇല്ലാതാകുന്ന സാഹചര്യം പൂർണമായും ഒഴിവാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഫസ്റ്റ്ബെൽ പദ്ധതിയുടെ കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ട്. സമഗ്രശിക്ഷയ്ക്ക് കീഴിലുള്ള ക്ലസ്റ്റർ കോർഡിനേറ്റർമാർ, ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ വിദ്യാവോളന്റിയർമാർ എന്നിവർ ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കുകയും ട്രയൽ ക്ലാസ്സുകൾ ഉൾപ്പെടെയുള്ള ക്ലാസ്സുകൾ എല്ലാ കുട്ടികളും കണ്ടു എന്ന് ഉറപ്പ് വരുത്തുന്നതിന് എല്ലാ പ്രഥമാദ്ധ്യാപകരും പ്രിൻസിപ്പൽ മാരും പ്രത്യേകം ശ്രദ്ധ പതിപ്പിക്കണമെന്ന് കർശന നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. വൈദ്യുതി, കേബിൾ കണക്ഷൻ, നെറ്റ് വർക്ക് എന്നിവ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ കുട്ടികൾക്ക് വീഡിയോ പാഠങ്ങൾ

| | | | |
|---|---|---|---|
| | | | ഡൗൺലോഡ് ചെയ്ത് ലാപ്പ്ടോപ്പുകൾ ഉപയോഗിച്ച് കാണുവാനുള്ള സൗകര്യങ്ങൾ ലഭ്യമാക്കിയിരുന്നു. പട്ടികജാതി/ പട്ടികവർഗ്ഗ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവർ ഇതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഊരു കേന്ദ്രങ്ങളിലും, പഠനമുറികളും ഐ.ടി. അധിഷ്ഠിത അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുകയും ചെയ്തു. |
| (സി) | ഭാഷാന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ഓൺലൈൻ പാഠ്യപദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (സി) | 'ഫസ്റ്റ്ബെൽ' ക്ലാസ്സുകൾ നടത്തുന്നത് സംസ്ഥാന സിലബസ് പിൻതുടരുന്ന എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടുന്ന വിധത്തിലാണ്. മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നട മാധ്യമങ്ങളിൽ പഠിക്കുന്ന സംസ്ഥാനത്തെ എല്ലാ വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടുന്ന വിധത്തിൽ ക്ലാസ്സുകൾ സജ്ജമാക്കി ലഭ്യമാക്കുന്നതിന് പ്രത്യേക ക്രമീകരണങ്ങൾ ഒരുക്കി നടപ്പിലാക്കിവരികയാണ്. ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഡയറ്റുകളുടെ നേതൃത്വത്തിൽ സമഗ്രശിക്ഷാ കേരളയുടെയും കൈറ്റിന്റെയും സഹായത്തോടെ ഓൺലൈൻ ക്ലാസ്സുകൾ തയ്യാറാക്കി നൽകിയിരുന്നു. കൂടാതെ തമിഴ്, കന്നട മീഡിയം ക്ലാസ്സുകൾ യു-ട്യൂബ് ലിങ്ക് വഴിയും പ്രാദേശിക ചാനലുകൾ വഴിയും ലഭ്യമാക്കിയിരുന്നു. |

സെക്ഷൻ ഓഫീസർ